# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമില്ലാത്ത
ചോദ്യം നം. 1813

05/10/2016-ലെ
മറുപടിയ്ക്ക്.

**<u>സർക്കാരിൽ നിന്നും ഗ്രാന്റ് വാങ്ങി പഠിക്കുന്ന വിദ്യാർത്ഥികൾ</u>**

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്ജ് | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സർക്കാരിൽ നിന്നും യഥാസമയങ്ങളിൽ ഫണ്ട് അനുവദിക്കാത്തതുമൂലം വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗ്രാന്റ് വാങ്ങി പഠിക്കുന്ന മിടുക്കരായ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠിത്തവും, ഹോസ്റ്റലുകളിലെ താമസവും മറ്റും മുടങ്ങുന്നതായുള്ള വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാ നാകുമെന്ന് വിശദീകരിക്കുമോ ; | (എ) | **<u>പട്ടികജാതി</u>**<br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥാപനം ക്ലെയിം ചെയ്ത അഡീഷണൽ ജില്ലാ ആഫീസർ അംഗീകാരം നൽകിയ എല്ലാ ക്ലെയിമുകളും താമസം വരുത്താതെ വിതരണം ചെയ്യുന്നുണ്ട്.<br><br>**<u>പട്ടികവർഗ്ഗം</u>**<br>ഇല്ല. ബാധകമല്ല |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ; വിശദമാക്കുമോ; | (ബി) | **<u>പട്ടികജാതി</u>**<br>വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി 'പഠനമുറി ' നിർമ്മിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു . 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറിയിൽ ഫർണിച്ചർ, കമ്പ്യൂട്ടർ ഇലക്ട്രിഫിക്കേഷൻ എന്നിവ ഒരുക്കുന്നതാണ് ഈ പദ്ധതി. 2 ലക്ഷം രൂപ ചെലവിലായിരിക്കും പഠനമുറി നിർമ്മിച്ച് നൽകുക. |
| (സി) | ഗ്രാന്റ് വാങ്ങി പഠിക്കുന്ന എത്ര കുട്ടികൾ കേരളത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നു; അതിൽ ആൺകുട്ടികൾ എത്ര; പെൺകുട്ടികൾ എത്രയെന്ന് വിശദമാക്കുമോ? | (സി) | **<u>പട്ടികജാതി</u>**<br><br>പോസ്റ്റ്മെട്രിക് വിഭാഗത്തിൽ 2016-17 അദ്ധ്യനവർഷം പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം<br>ആൺ-90422 പെൺ - 137732<br>പ്രീമെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം<br>ആൺ- 197252 പെൺ-207625<br>നഴ്സറി സ്കൂൾ വിഭാഗത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ എണ്ണം<br>ആൺ- 1154 പെൺ- 1188 |

| | | | |
|---|---|---|---|
| | | | **<u>പട്ടികവർഗ്ഗം</u>**<br>2016-17 അദ്ധ്യയനവർഷം പോസ്റ്റ്മെട്രിക് തലത്തിൽ 7396 പെൺകുട്ടികളും 5216 ആൺകുട്ടികളും വിദ്യാഭ്യാസാനുകൂല്യം നേടി അധ്യയനം തുടരുന്നുണ്ട്. പ്രീമെട്രിക് തലത്തിൽ 36,129 പെൺകുട്ടികളും 34,408 ആൺകുട്ടികളും ആനുകൂല്യം കൈപ്പറ്റുന്നുണ്ട്. |

സെക്ഷൻ ഓഫീസർ